കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

മൂത്തേടം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.എം.പി.എം.5/3005/16 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി.25-11-16

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

മൂത്തേടം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മൂത്തേടം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

*******************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം.5/3005/2016 തിയ്യതി: 25-11-2016

മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 5-3-2016 മുതൽ 21-10-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.എ.എസ്. ഷാജഹാൻ., ഡെപ്യൂട്ടി ഡയറക്ടർ

---

ഓഡിറ്റിന് വിനിയോഗിച്ച സമയം : 22-10-2016 മുതൽ 01-11-2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. അജിത്.ആർ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ. വേലായുധൻ.കെ.ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. റഷീദ്.വി | ഓഡിറ്റർ |
| ശ്രീമതി.സുജാത.എം | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.പി.ഉസ്മാൻ | 01.04.2015 മുതൽ 30.09.2015 വരെ |
| അഡ്മിനിസ്റ്റേറ്റീവ് ഭരണം. (സെക്രട്ടറി, വി.ഇ.ഒ , ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവരുടെ ഭരണ നിർവഹണ സമിതി) | 01.10.2015 മുതൽ 18.11.2015 വരെ |
| ശ്രീമതി. സി.ടി.രാധാമണി | 19.11.2015മുതൽ 31.03.2016വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി.എം.രമണി | 01.04.2015 മുതൽ 31.03.2016 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീമതി.എം.രമണി | 01.04.2015 മുതൽ 31.03.2016 വരെ |
| അസി.സെക്രട്ടറി | ശ്രീ.സ്വരൂപ് | 01.04.2015 മുതൽ 30.08.2015 വരെ |
| | ശ്രീമതി.എം.സൗമ്യ | 31.08.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.ഫ്രാൻസിസ്.Z.ഫെർണാണ്ടസ് | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.നീന ആൻസി സക്കറിയ | 01.04.2015 മുതൽ 21.12.2015 വരെ |
| | ഡോ.സജി തോപ്പിൽ | 22.12.2015 മുതൽ 31.03.2016 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.ഹരീന്ദ്രനാഥൻ പിള്ള | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദ) | ഡോ.അബ്ദുൾ റസാഖ് | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. റഷീന.ടി.പി | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. വിമല.കെ | 01.04.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ. സാംകുമാർ.എസ്.എൽ | 01.04.2015 മുതൽ 30.11.2015 വരെ |
| | ശ്രീമതി. ദർശന.എസ്.ലാൽ | 01.12.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ | ശ്രീ. അരുൺ.ജി | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം I പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |

| | | | |
|---|---|---|---|
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | ഡി & ഒ ലൈസൻസ് - വിവിധ അപാകതകൾ. | 2-1 | |
| 13 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത | 2-2 | |
| 14 | അനധികൃത കെട്ടിടനിർമ്മാണം - യു.എ നമ്പർ അനുവദിച്ച് വസ്തുനികുതി ചുമത്തിയില്ല | 2-3 | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 15 | ഐ.എ.വൈ--തുക അധികം അടവാക്കി. | 3-1 | |
| 16 | പരിരക്ഷ പദ്ധതി – അപാകതകൾ | 3-2 | |
| 17 | സാങ്കേതികാനുമതി തുകയിൽ ലിമിറ്റ് ചെയ്തില്ല--കരാറുകാരന് അധികം തുക അനുവദിച്ചു. | 3-3 | |
| 18 | മരുന്നു ലഭ്യമായില്ല--ചെലവു തുക തടസ്സം ചെയ്യുന്നു. | 3-4 | |
| 19 | സമഗ്ര വിദ്യാഭ്യാസം-ടി.എസ്.പി.-വിദ്യാർത്ഥികൾക്ക് പഠനസാമഗ്രികൾ-വകുപ്പിൽ നിന്നും സാക്ഷ്യപത്രം വാങ്ങിയില്ല. | 3-5 | |
| 20 | സമഗ്ര വിദ്യാഭ്യാസം-എസ്.സി.പി--പഠനസാമഗ്രികൾ വിതരണം-വകുപ്പിൽ നിന്നും സാക്ഷ്യപത്രം വാങ്ങിയില്ല | 3-6 | |
| 21 | പത്താം തരം തുല്യതാ പരിപാടി-ഗുണഭോക്താക്കളുടെ പട്ടിക ഹാജരാക്കിയില്ല. | 3-7 | |
| 22 | സമഗ്ര പച്ചക്കറി വികസനം--ജൈവവളം വാങ്ങിയതിന് കൃത്യമായ രേഖയില്ല. | 3-8 | |
| 23 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി--സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചില്ല. | 3-9 | |
| 24 | ആശ്രയ പദ്ധതി | 3-10 | |
| 25 | ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കിയ പദ്ധതികൾ-അപാകതകൾ | 3-11 | |
| 26 | റോഡ് കോൺക്രീറ്റ് പ്രവൃത്തി-ക്രമപ്രകാരമല്ലാതെ തുക ചെലവഴിച്ചു | 3-12 | |
| 27 | ഫണ്ട് വിനിയോഗം ക്രമപ്രകാരമല്ല. | 3-13 | |
| 28 | മരുന്നുകൾ ലഭ്യമാക്കിയില്ല | 3-14 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 30 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |

| | | | |
|---|---|---|---|
| 32 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 33 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 34 | ഓഡിറ്റ് റിക്കവറി | 4-6 | |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 ലെ ബജറ്റ് 28.03.2015 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31-07-2016 | 26.07.2016 | - | - |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1).2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 58 (4) എ, ബി പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

2).ആസ്തികളുടെ മൂല്യം പൂർണ്ണമായി സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18562311 |
| വരവ് | 51293174 |
| ആകെ | 69855485 |
| ചെലവ് | 58076230 |
| നീക്കിയിരുപ്പ് | 11779255 |

### 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ട്രാൻസ്ഫർ ക്രെഡിറ്റ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (സർക്കാർ പിൻവലിച്ചത്) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 2947288 | 4235955 | 13124095 | 20307338 | 17630820 | 2676518 | 87% |
| വികസന ഫണ്ട് (എസ്.സി.പി) | 857022 | (-38914) | 3167914 | 3986022 | 3735982 | 250040 | 94% |

| ഫണ്ടിനം | മുൻബാക്കി | ട്രാൻസ്ഫർ ക്രെഡിറ്റ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (സർക്കാർ പിൻവലിച്ചത്) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ടി.എസ്.പി) | 389715 | 0 | 1412000 | 1801715 | 1801533 | 182 | 99.99% |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 322210 | 0 | 8460000 | 8782210 | 8682210 | 100000 | 99% |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 296859 | 0 | 3723000 | 4019859 | 3203206 | 816653 | 80% |
| 13 -ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 420086 | (-) 2394481 | 7775986 | 5801591 | 5794701 | 6890 | 99.88% |
| പെർഫോർമൻസ് ഗ്രാന്റ് | 3829000 | (-) 1802560 | 1802560 | 3829000 | 3829000 | 0 | 100% |

* വികസന ഫണ്ട് (പൊതുവിഭാഗം) ത്തിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത്.

വികസന ഫണ്ട് (എസ്.സി.പി) 38914

13 -ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് 2394481

പെർഫോർമൻസ് ഗ്രാന്റ് 1802560

ആകെ 4235955

1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 159 | 44228780 | 138 | 42537159 | 5 | 21 | 83.65 % |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

1-7 തനത് വരുമാനം.

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർധന ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻ വർഷത്തെ വരവ് | തൻ വർഷത്തെ വരവ് | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3076269 | 2355220 | (-) 721049 | (-) 23.44 % |

| ഇനം | മുൻ വർഷത്തെ വരവ് | തൻ വർഷത്തെ വരവ് | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| | | | | |
| നികുതിയേതര വരവുകൾ | 919398 | 1229989 | (+) 310591 | (+) 33.78 % |
| മറ്റുവരവുകൾ | 6363263 | 6737390 | (+) 374127 | (+) 5.88 % |
| ആകെ | 10358930 | 10322599 | (-) 36331 | (+) 01.54 % |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 332400 | 193 |
| കർഷകതൊഴിലാളി പെൻഷൻ | 5201070 | 630 |
| വിധവാപെൻഷൻ | 9360720 | 920 |
| വാർദ്ധക്യകാലപെൻഷൻ | 4294590 | 765 |
| വികലാംഗപെൻഷൻ | 3109815 | 270 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 90400 | 11 |
| വിവാഹ ധനസഹായം | 0 | 0 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.10.2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5738/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം.

സർക്കാർഉത്തരവ് 177/2006 ഫിൻ തിയ്യതി 12.04.2006 പ്രകാരം നിർവഹണോദ്യോഗസ്ഥർ TR 7A കാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണം. അസിസ്റ്റന്റ് എഞ്ചിനിയർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ TR 7A ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. തദ്ധേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി-IV) സൂക്ഷിക്കണം. വെറ്റിനറി സർജൻ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) എന്നീ നിർവഹണ ഉദ്യോഗസ്ഥർ പ്രൊജക്ട് രജിസ്റ്റർ (അനുബന്ധം ബി-5) എഴുതിസൂക്ഷിക്കുന്നില്ല. പരസ്യനികുതി ഉൾപ്പെടെപുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിൽ ശ്രദ്ധ്ക്കാന്തി പുലർത്തുന്നില്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 25.10.2016 | 01.09.2016 മുതൽ | ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| ഓഡിറ്റ് | | 30.09.2016 വരെ | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.01.2011 മുതൽ 15.01.2011 വരെ | 2005-06 മുതൽ 2009-10 വരെ | 19.02.2011 |

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പാതുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | സ.ഉ (സാ) നം. 909/2010 /തസ്വഭവ. തിയ്യതി: 18.03.2010 | 70,00,000 | 28,75,474 | 7,00,000 | 0 | 21,75,474 |

4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2015-16 വർഷത്തിൽ ലഭിച്ച 56061/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2007-08 to 2009-10 | -- | 19500 | ശ്രീ.എം.ജി.രാമചന്ദ്രൻ, ക്ലർക്ക് (പുനർവിന്യാസം) | 11502101644 / 14.09.2015 |
| 01.04.97 to 31.03.2000 & 01.10.2001 to 31.03.2002 (Spl.Audit Report) | 79 (1) | 7500 | ശ്രീ.അബ്ദുൾ മജീദ് | 11502101950 / 12.10.2015 |
| 2014-15 | 2(1) | 600 | കെ.എസ്.എസ്.ചേലക്കടവ് | 11502100882 / 25.06.2015 |

| | | | | |
|---|---|---|---|---|
| 2014-15 | 2(1) | 3840 | പ്രിൻസിപ്പാൾ, NICT ഇംഗ്ലീഷ് സ്കൂൾ | 11502101017 / 09.07.2015 |
| 2014-15 | 2 | 150 | ജിഷ മോൾ.എം | 11502101029 / 10.07.2015 |
| 2013-14 | 3 (10) | 1047 | ഡോ. നീന ആൻസി സക്കറിയ | 11502102509 / 03.12.2015 |
| 2013-14 | 3 (10) | 241 | ഡോ. നീന ആൻസി സക്കറിയ | 11502102510 / 03.12.2015 |
| 2014-15 | 2(1) | 2250 | പോസ്റ്റ് മാസ്റ്റർ, മൂത്തേടം | 11502100024 / 06.04.2015 |
| 2014-15 | 2(1) | 3550 | മൂത്തേടം കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് | 11502100076 / 09.04.2015 |
| 2014-15 | 2(1) | 1250 | മൂത്തേടം കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് | 11502100077 / 09.04.2015 |
| ഓഡിറ്റ് എൻക്വയറി | --- | 750 | സന്തോഷ് താളിപ്പാടം | 11502100350 / 05.05.2015 |
| 2013-14 | 3(10) | 464 | ഡോ.നീന ആൻസി സക്കറിയ | 11502102511 / 03.12.2015 |
| ഓഡിറ്റ് എൻക്വയറി | --- | 600 | സന്തോഷ് താളിപ്പാടം | 11502103349 / 25.02.2016 |
| ഓഡിറ്റ് എൻക്വയറി | -- | 2915 | ശ്രീ, എൻ.അയ്യപ്പൻ, ഒ.എ | 11502103760 / 16.03.2016 |
| ഓഡിറ്റ് എൻക്വയറി | -- | 220 | ശ്രീ, അബ്ദുൾ നാസിർ.എം.എച്ച്, ക്ലർക്ക് | 11502103660 / 19.03.2016 |
| 2014-15 | 2(1) | 750 | കെ.എസ്.എസ് വട്ടപ്പാടം | 11502104151 / 29.03.2016 |
| 2014-15 | 2(1) | 750 | കെ.എസ്.എസ് വട്ടപ്പാടം | 11502104151 / 29.03.2016 |
| ഓഡിറ്റ് എൻക്വയറി | --- | 1200 | കെ.എസ്.എസ് | 11502104277 / 30.03.2016 |
| ഓഡിറ്റ് എൻക്വയറി | --- | 600 | കെ.എസ്.എസ് കാരപ്പുറം | 11502104279 / 30.03.2016 |
| ഓഡിറ്റ് എൻക്വയറി | --- | 684 | കെ.എസ്.എസ് മൂത്തേടം | 11502104285 / 30.03.2016 |
| ഓഡിറ്റ് എൻക്വയറി | --- | 5400 | മൂത്തേടം പഞ്ചായത്ത് വനിതാ സഹകരണ സംഘം | 11502104397 / 31.03.2016 |
| ഓഡിറ്റ് എൻക്വയറി | --- | 1800 | മൂത്തേടം പഞ്ചായത്ത് വനിതാ സഹകരണ സംഘം | 11502104399 / 31.03.2016 |

ആകെ 56061/-

4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 01.04.97 - 31.03.00, 01.10.01 - 31.03.02 | 45 | 2003-04 | 3.10.6.1 | അഗ്രോ സർവ്വീസ് സെന്റർ പ്രവർത്തിക്കുന്നില്ല. | നടപടി തുടരുന്നു. |
| 01.04.97 - 31.03.00, 01.10.01 - 31.03.02 | 67 | 2003-04 | 3.10.6.2(1) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |
| 01.04.97 - 31.03.00, 01.10.01 - 31.03.02 | 68 | 2003-04 | 3.10.6.2(2) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |
| 01.04.97 - 31.03.00, 01.10.01 - 31.03.02 | 71 | 2003-04 | 3.10.6.2(3) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |
| 01.04.97 - 31.03.00, 01.10.01 - 31.03.02 | 72 | 2003-04 | 3.10.6.2(4) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |
| 01.04.97 - 31.03.00, 01.10.01 - 31.03.02 | 73 | 2003-04 | 3.10.6.2(5) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |
| 01.04.97 - 31.03.00, 01.10.01 - 31.03.02 | 75 | 2003-04 | 3.10.6.2(6) | മൂല്യനിർണ്ണയത്തിൽ അധികം തുക നൽകി | നടപടി തുടരുന്നു |

4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 51293174 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 58076230 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 4434 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1634 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 973918 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 550 | | എം.രമണി, സെക്രട്ടറി |
| 2-2 | 3884 | | എം.രമണി, സെക്രട്ടറി |
| 3-3 | | 1634 | എം.രമണി, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 76213 | ഡോ.റഷീന.ടി.പി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-4 | 125000 | എം.രമണി, സെക്രട്ടറി |
| 3-5 | 31200 | ഹരീന്ദ്രനാഥൻ പിള്ള, ഹെഡ്മാസ്റ്റർ |
| 3-6 | 440398 | ഹരീന്ദ്രനാഥൻ പിള്ള, ഹെഡ്മാസ്റ്റർ |
| 3-7 | 63000 | ഹരീന്ദ്രനാഥൻ പിള്ള, ഹെഡ്മാസ്റ്റർ |
| 3-8 | 120000 | ദർശന.എസ്.ലാൽ, കൃഷി ഓഫീസർ |
| 3-14 | 118107 | ഡോ.റഷീന.ടി.പി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| ആകെ | 973918 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.എം.രമണി, സെക്രട്ടറി | സെക്രട്ടറി (റിട്ട) | ശ്രീഹരി, പാലസ് റോഡ്, നിലമ്പൂർ |

4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | | |
|---|---|---|
| 1994-95 | എൽ.എഫ്.എം.5/2405/14 തി.14.10.2014 | 4 |
| 1995-96 | എൽ.എഫ്.എം.5/841/10 തി.10.06.2010 | 5 |
| 2002-03 | എൽ.എഫ്.എം.13/1227/1999 തി.09.02.2000 | 17 |
| 2003-04 | എൽ.എഫ്.എം.5/845/10 തി.10.06.2010 | 13 |

| | | |
|---|---|---|
| 2004-05 | എൽ.എഫ്.എം.5/1484/2011 തി.02.07.2011 | 19 |
| 2005-06 | എൽ.എഫ്.എം.16/931/09 തി.02.11.2010 | 4 |
| 2006-07 | എൽ.എഫ്.എം.5/2175/2011തി.03.05.2012 | 16 |
| 2007-08<br>2008-09<br>2009-10 | എൽ.എഫ്.എം.5/1626/12തി.20.07.2012 | 38 |
| 2010-11 | എൽ.എഫ്.എം.5/1516/2013 തി:24.08.2013 | 10 |
| 2011-12<br>2012-13 | എൽ.എഫ്.എം.5/260/15 തി:16.07.2015 | 13 |
| 2013-14 | കെ.എസ്.എ.എം.പി.എം..5/637/15തി.02.11.15 | 13 |
| 2014-15 | കെ.എസ്.എ.എം.പി.എം..5/759/16തി.23.04.16 | 17 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് - വിവിധ അപാകതകൾ.

ഡി & ഒ ലൈസൻസ് അനുവദിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

2014-15 സാമ്പത്തിക വർഷത്തിൽ 180 സ്ഥാപനങ്ങളും, 2014-15 സാമ്പത്തിക വർഷത്തിൽ 158 സ്ഥാപനങ്ങളുമാണ് ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളത്. 2015-16 സാമ്പത്തിക വർഷത്തിൽ മുൻവർഷത്തേക്കാൾ, ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ, എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഡി & ഒ ലൈസൻസ് എടുക്കേണ്ട എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി കൃത്യമായ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

2). ലൈസൻസ് ഫീസ് കുറവായി ഈടാക്കി - പഞ്ചായത്തിന് 550/- രൂപ നഷ്ടം

2015 - 16 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്നതിലൂടെ ഗ്രാമപഞ്ചായത്തിന് 550/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേരും വിലാസവും | ലൈസൻസ് നമ്പർ/ തിയ്യതി | ഒരു ദിവസത്തെ വിറ്റുവരവ് / കുതിര ശക്തി (അപേക്ഷ പ്രകാരം) | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1 | ജോസഫ് | 134/2015-16 | 20,000/- | 500/- | 200/- | 300/- |

| | | | | | | |
|---|---|---|---|---|---|---|
| | ആന്റണി, ചിറയിൽ, ജോസ്കോ റബ്ബേഴ്സ് | തിയ്യതി : 29.10.2015 | | | | |
| 2 | മലീഹ തബസ്സ്.എം.ആർ | 151/2015-16 തിയ്യതി : 12.01.2016 | 21 HP | 300/- | 200/- | 100/- |
| 3 | പി.ടി.തോമസ്, പ്രസിഡന്റ് , റബ്ബർ ഉൽപ്പാദക സംഘം, പനമ്പറ്റ | 156/2015-16 തിയ്യതി : 20/02/2016 | 25,000/- | 500/- | 350/- | 150/- |
| ആകെ | | | | | | 550/- |

ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന 550/- രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-2 <u>വസ്തുനികുതി നിർണ്ണയത്തിലെ അപാകത</u>

100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങൾക്ക് ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് 60 രൂപയാണ് ഗ്രാമപഞ്ചായത്തിൽ (21/08/2011 ലെ V-ാം നമ്പർ തീരുമാനപ്രകാരം) അടിസ്ഥാന വസ്തുനികുതി നിരക്കായി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ 16.02.2015 ന് കാരപ്പുറം മസ്ജിദ് കമ്മറ്റിയുടെ ഉടമസ്ഥതയിലുള്ള 168.15 ച.മീ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് 40 രൂപ/ച.മീ അടിസ്ഥാന വസ്തുനികുതി നിരക്കായി വസ്തുനികുതി നിർണ്ണയിച്ചതിലൂടെ താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| കെട്ടിട നമ്പർ | MP V/534B |
|---|---|
| തറവിസ്തീർണ്ണം | 168.15 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 60 / ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി (168.15 * 60) | 10089 രൂപ |
| (-) ഇളവ് - 10 % (മേൽക്കൂര – 10% ) | 1009 രൂപ |
| (+) വർദ്ധനവ് - 20 % (റോഡ് – 20% ) | 2018 രൂപ |
| ഈടാക്കേണ്ട വസ്തുനികുതി | 11098 രൂപ |
| ഈടാക്കിയ വസ്തുനികുതി | 7399 രൂപ. |
| ഈടാക്കിയതിൽ കുറവ് | 3699 രൂപ. |
| ഈടാക്കേണ്ട ലൈബ്രറി സെസ്സ് (11098 * 5%) | 555 രൂപ |
| ഈടാക്കിയ ലൈബ്രറി സെസ്സ് | 370 രൂപ |
| ലൈബ്രറി സെസ്സ് ഈടാക്കിയതിൽ കുറവ് | 185 രൂപ. |
| ആകെ നഷ്ടം (3699 + 185 ) | 3884 രൂപ. |

*വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കേണ്ടതും നഷ്ടതുകയായ 3884 രൂപ ഉത്തരവാദികളിൽനിന്നും*

ഈടാക്കേണ്ടതുമാണ്.

## 2-3 അനധികൃത കെട്ടിടനിർമ്മാണം - യു.എ നമ്പർ അനുവദിച്ച് വസ്തുനികുതി ചുമത്തിയില്ല

ശ്രീമതി.ആയിഷ, W/o. മുഹമ്മദ്, പുന്നക്കാട്ടുതൊടിക ഹൗസ്, കാരപ്പുറം.പി.ഒ എന്നവർ 64.21ച.മീ തറവിസ്തീർണ്ണമുള്ള ക്വാർട്ടേഴ്സ് കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടനമ്പർ അനുവദിക്കുന്നതിന് 24.06.2013 ന് ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചു. ഈ അപേക്ഷയിൻമേൽ സാങ്കേതിക പരിശോധന നടത്തിയ എൽ.എസ്.ജി.ഡി ഓവർസിയർ പൊതുവഴിയിൽ നിന്ന് മതിയായ അകലം പാലിച്ചല്ല ഈ കെട്ടിടം നിർമ്മിച്ചിരിക്കുന്നത് എന്ന് റിപ്പോർട്ട് ചെയ്യുകയും ചെയ്തു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സെക്രട്ടറി അപേക്ഷ നിരസിച്ചു. എന്നാൽ നിയമാനുസൃതമല്ലാതെയുള്ള നിർമ്മാണത്തിന് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 235 ഡബ്ലിയു വകുപ്പ് പ്രകാരമുള്ള യാതൊരു നടപടികളും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കേരള പഞ്ചായത്ത് രാജ് ആക്ട്, 235 എഎ വകുപ്പ് പ്രകാരമുള്ള വസ്തുനികുതി നിർണ്ണയിക്കുന്നതിന് വേണ്ടി മാത്രം നിയമാനുസൃതമല്ലാത്ത നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന "യു.എ" എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷവും ചേർത്ത് കെട്ടിട നമ്പർ നൽകേണ്ടതാണ്. ഇത്പ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയാക്കിയ തിയ്യതി മുതൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്ന തിയ്യതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. ഇപ്രകാരം വസ്തുനികുതി ഈടാക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിന്റെ കാരണം വിശദമാക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.05/31.10.2016) മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃത കെട്ടിടനിർമ്മാണത്തിനെതിരെ നടപടികൾ സ്വീകരിക്കേണ്ടതും, നിയമാനുസൃതമായ വസ്തുനികുതി അടിയന്തിരമായി പിരിച്ചെടുക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഐ.എ.വൈ--തുക അധികം അടവാക്കി.

2015-16 വർഷത്തിൽ ഐ.എ.വൈ പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് യഥാർത്ഥത്തിൽ അടവാക്കേണ്ട വിഹിതത്തേക്കാൾ കൂടുതൽ ബ്ലോക്ക് പഞ്ചായത്തിലേക്ക് അടവാക്കിയതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ റിപ്പോർട്ട് പ്രകാരം, 2015-16 വർഷത്തിൽ എഗ്രിമെന്റ് വച്ചവരുടെ വിവരം താഴെ ചേർക്കുന്നു.

| വിഭാഗം | എണ്ണം |
|---|---|
| പട്ടികജാതി | 29 |
| പട്ടിക വർഗ്ഗം | 07 |
| ജനറൽ | 52 |
| ഭിന്നശേഷിയുള്ളവർ | 03 |
| ആകെ | 91 |

ഒരു ഗുണഭോക്താവിന് 200000 രൂപ(പട്ടിക വർഗ്ഗം-250000) ധനസഹായമായി അനുവദിക്കുന്നതിന് താഴെ പറയും പ്രകാരമാണ് തുക വകയിരുത്തേണ്ടത്.

| ഇനം | ജനറൽ/പട്ടികജാതി | പട്ടികവർഗ്ഗം |
|---|---|---|
| കേന്ദ്ര വിഹിതം | 70000 | 70000 |
| ഗ്രാമ പഞ്ചായത്ത് വിഹിതം | 20000 | 32500 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 28000 | 45500 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 32000 | 52000 |
| സംസ്ഥാനവിഹിതം | 50000 | 50000 |
| | 200000 | 250000 |

14.2.14 ലെ സ.ഉ.(സാധാ)നം.423/14/തസ്വഭവ—പ്രകാരം 14-15 വർഷം മുതൽ ത്രിതല പഞ്ചായത്തുകളിൽ നിലവിലുള്ള വിഹിതത്തേക്കാൾ കൂടുതൽ തുക അനുവദിക്കാൻ തയ്യാറുള്ള ഗ്രാമ-ജില്ലാ പഞ്ചായത്തുകൾക്ക് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകളുടെ അഭ്യർത്ഥന പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയതു പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൂടി ചേർത്ത് തുക നൽകി എന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. എന്നാൽ മേൽപ്പറഞ്ഞ പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതവും ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ചേർത്താലും അനുവദീയമായതിലും കൂടുതൽ തുക ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയതായി കാണുന്നു. ഗ്രാമ പഞ്ചായത്ത് നൽകേണ്ട തുക എത്രയെന്ന് വ്യക്തമായ മാർഗ്ഗ നിർദ്ദേശമൊന്നും ലഭിച്ചതായി കാണുന്നില്ല.

| വിഭാഗം | അനുവദിച്ച തുകയുടെ വിവരം | ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൂടി ചേർത്തുള്ള തുക | അധികം |
|---|---|---|---|
| ജനറൽ(52) | 934062/28.3.16—160799<br>934988/18.4.16—900000<br>775348/30.1.16---1506598<br>934989/18.4.16---335681<br>775347/30.1.16---146621<br>774206/5.10.15—200000<br>ആകെ 3249699 | 52x52000=2704000 | 545699 |
| പട്ടികജാതി | 774762/16.12.15—38914<br>934990/18.4.16—1000000<br>775346/30.1.16---1319716<br>ആകെ-- 2358630 | 29x52000=1508000 | 850630 |
| പട്ടികവർഗ്ഗം | 934987/18.4.16---123000<br>775345/30.1.16---574856<br>934063/28.3.16---116859<br>ആകെ-- 814715 | 07x84500=591500 | 223215 |
| ഭിന്നശേഷി | 934061/28.3.16---60000 | 3x52000=156000 | (-)96000 |
| | | | 1523544 |

ഐ.എ.വൈ.പദ്ധതി നിർത്തലാക്കുകയും പി.എം.എ.വൈ തുടങ്ങുകയും ചെയ്ത സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിലേക്ക് യഥാർത്ഥത്തിൽ നൽകേണ്ട തുകയിൽ വ്യക്തത വരുത്തി അധികം നൽകിയ തുക തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 പരിരക്ഷ പദ്ധതി - അപാകതകൾ

ദീർഘകാല രോഗങ്ങളാലും മാറാരോഗങ്ങളാലും ദുരിതമനുഭവിക്കുന്നവർക്ക് ആവശ്യമായ മരുന്ന്, ഉപകരണങ്ങൾ, നഴ്സിംഗ്-സാന്ത്വനപരിചരണം എന്നിവ ലഭ്യമാക്കുന്നതിനായി 774280 രൂപ (വികസന ഫണ്ട് )ചെലവഴിച്ചുകൊണ്ട് മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ പദ്ധതിയിൽ (44/16) താഴെ കൊടുത്തിട്ടുള്ള അപാകതകൾ കാണുന്നു.

1.മരുന്നുകൾ ലഭ്യമായില്ല.

ബിൽ നം 11/16- 27-2-16 158000 /-

ബിൽ നം 15/16- 14-3-16 250000 /-

പരിരക്ഷ ഹോം കെയർ മരുന്നുകൾക്കായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് 408000(158000+250000)രൂപ നല്കിയിട്ടുണ്ട്. (ഡി.ഡി.നം 775707/1-3-16, 775861/15-3-16). എന്നാൽ ഓഡിറ്റ് തിയ്യതി വരെയും (26-10-16) മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. ഇനിയും ലഭിക്കാനുള്ള 76213 രൂപക്കുള്ള മരുന്നുകൾ ഉടൻ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവ് തുക 76213/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

2.ഹോം കെയർ വാഹനം - ക്വട്ടേഷൻ ക്ഷണിച്ചില്ല.

ഹോം കെയർ ടീമിന് രോഗികളുടെ വീടുകളിലെത്തി പരിചരണം നൽകുന്നതിന് ആവശ്യമായ വാഹനം വാടകക്ക് എടുക്കാവുന്നതാണ്. (ജി.ഒ(ആർ.ടി) 3217/2015 തസ്വഭവ തി.29-10-15). ഇതിനായി ക്വട്ടേഷൻ ക്ഷണിച്ച്, ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന വാഹനം പി.എം.സി യുടെ അംഗീകാരത്തോടെയാണ് ഉപയോഗിക്കേണ്ടത്. എന്നാൽ വാഹനം വാടകയ്ക്ക് എടുത്തതിൽ ക്വട്ടേഷൻ ക്ഷണിച്ചതിന്റേയോ വാഹനത്തിന്റെ വാടക നിജപ്പെടുത്തിയതിന്റെയോ യാതൊരു രേഖയും ലഭ്യമല്ല. മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ ഹോം കെയർ വാഹനം ഉപയോഗിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

3.സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക അനുവദിച്ചു

സ.ഉ (സാ.ധ) നം. 3217/2015 തസ്വഭവ തി. 29-10-15 പ്രകാരം ഹോം കെയർ ദിനങ്ങളിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധപ്രവർത്തകർക്ക് (പരമാവധി മൂന്ന് പേർക്ക്) ആവശ്യമായിവരുന്ന ഭക്ഷണചെലവ് ഒരാൾക്ക് ഒരുദിവസം പരമാവധി 60 രൂപ എന്ന നിരക്കിൽ മാത്രമെ പ്രൊജക്റ്റിൽ വകയിരുത്തി നൽകാവൂ എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ 2015-16 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ഈ പദ്ധതിയിൽ പരമാവധി ആളുകളുടെ എണ്ണം, നിരക്ക് എന്നിവ പാലിക്കാതെ തുക അനുവദിച്ചതായി കാണുന്നു. ഹോം കെയർ ടീം നൽകുന്ന ബില്ലിലെ മുഴുവൻ തുകയും അനുവദിക്കുകയാണ് ചെയ്യുന്നത്. ഇപ്രകാരം ഹോം കെയർ ദിനങ്ങളിൽ 450/-, 475/- എന്നീ നിരക്കിലാണ് നൽകിയിട്ടുള്ളത്. വിശദവിവരം താഴെ കൊടുക്കുന്നു.

| കാലയളവ്/ ബിൽ നം | ഹോം കെയർ ദിനങ്ങൾ | ക്രമപ്രകാരം അനുവദിക്കാവുന്നത് | അനുവദിച്ചത് | അധികം |
|---|---|---|---|---|
| 11/15-12/15<br>ബി.നം 10/16<br>തി.17-2-16<br>83285/- | 21 | 3780 | 9600<br>(15*450 +6*475) | 5820 |
| 1/16-3/16<br>ബി.നം.17/16<br>തി.30-3-16<br>95535 | 31 | 5580 | 13950<br>(31*450) | 8370 |
| ആകെ | 52 | 9360 | 23550 | 14190 |

സർക്കാർ ഉത്തരവിനു വിരുദ്ധമായി ചെലവു ചെയ്ത നടപടി ക്രമത്തിലല്ല. സർക്കാർ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## 3-3 സാങ്കേതികാനുമതി തുകയിൽ ലിമിറ്റ് ചെയ്തില്ല--കരാറുകാരന് അധികം തുക അനുവദിച്ചു.

പ്രൊജക്ട് നം.13/16 (വ്യവസായ കേന്ദ്രം-വൈദ്യുതീകരണം)

ബിൽ നം.31/15-16/30.03.16—123721(നി.തൊ.ക്ഷേ.നിധി ഉൾപ്പടെ)

നിർവ്വഹണം--ഗ്രാ.പ.സെക്രട്ടറി.

കരാറുകാരൻ--സുന്ദരമോഹൻ.കെ.പി.

മേൽപ്പറഞ്ഞ പ്രവൃത്തിക്കായി പി.ഡബ്ലിയു.ഡി ഇലക്ട്രിക്കൽ വിഭാഗം അസി.എഞ്ചിനീയറിൽ നിന്നും സാങ്കേതികാനുമതി (നം.ഇഎൽഡിബി152/15/30.06.15) ലഭിച്ചിരുന്നു. എന്നാൽ കരാറുകാരന് തുക അനുവദിച്ചപ്പോൾ ടി.എസ് തുകയിൽ ലിമിറ്റ് ചെയ്യാതെ ആകെ പ്രവൃത്തി മൂല്യം പരിഗണിച്ചതിനാൽ കരാറുകാരന് താഴെ പറയും പ്രകാരം അധികം തുക അനുവദിച്ചു.

| അനുവദിച്ച തുക | ക്രമപ്രകാരം അനുവദിക്കാവുന്നത്. |
|---|---|
| ആകെ പ്രവൃത്തി മൂല്യം--------157097- | സാങ്കേതികാനുമതി തുക-----155000 |
| 17.1%ടെണ്ടർ കുറവ്----------26864 | 17.1%ടെണ്ടർ കുറവ്----------26505 |
| വാറ്റ് 4%----- 5210 | വാറ്റ് 4%----- 5140 |
| ആദായനികുതി---- 1302 | ആദായനികുതി---- 1285 |
| നി.തൊ.ക്ഷേ.നിധി--- 1302 | നി.തൊ.ക്ഷേ.നിധി--- 1285 |
| കരാറുകാരന് നൽകിയത്--122419 | കരാറുകാരന് നൽകേണ്ടത്--120785 |

122419-120785=1634രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. ആയത് നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി, ബന്ധപ്പെട്ട ഹെഡ്ഡിൽ അടവാക്കേണ്ടതാണ്.

## 3-4 മരുന്നു ലഭ്യമായില്ല--ചെലവു തുക തടസ്സം ചെയ്യുന്നു.

പ്രൊജക്ട് നം.54/16 (ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്നു വാങ്ങൽ)

ബിൽ നം.21/15-16/22.03.16---125000

നിർവ്വഹണം--സെക്രട്ടറി

മേൽപ്പറഞ്ഞ പ്രൊജക്ട് പ്രകാരം, 1,25,000 രൂപക്കുള്ള ഇൻവോയ്സ് ലഭ്യമായതിൻ പ്രകാരം കേരള ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് (ആലപ്പുഴ) ഡി.ഡി.നം.934059/28.03.16 പ്രകാരം തുക അടവാക്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെ മരുന്നുകൾ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കി, സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. ചെലവു തുക 125000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-5 സമഗ്ര വിദ്യാഭ്യാസം-ടി.എസ്.പി.-വിദ്യാർത്ഥികൾക്ക് പഠനസാമഗ്രികൾ-വകുപ്പിൽ നിന്നും സാക്ഷ്യപത്രം വാങ്ങിയില്ല.

പ്രോജക്ട് നം.129/16

ബിൽ നം.3/15-16//17.10.15---31200

നിർവ്വഹണം--എച്ച്.എം,ജി.എൽ.പി.എസ്.

മേൽപ്പറഞ്ഞ പ്രോജക്ടിന്റെ ഭാഗമായി താഴെപ്പറയുന്ന പഠനസാമഗ്രികൾ/സാധനങ്ങൾ വിദ്യാർത്ഥികൾക്ക് വാങ്ങി നൽകിയിട്ടുണ്ട്.

| പഠനോപകരണം/ഫർണ്ണീച്ചർ | വാങ്ങിയ സ്ഥാപനം | തുക നൽകിയതിന്റെ വിവരം |
|---|---|---|

| | | |
|---|---|---|
| ക്യാബിനറ്റ് ഡെസ്ക്(8എണ്ണം) | എ.കെ.ടിമ്പേഴ്സ്, മൂത്തേടം | 27680—774349/17.10.15 |
| കസേര(8എണ്ണം) | നിലമ്പൂർ ഫർണീച്ചർ | 3520---774350/17.10.15 |
| ആകെ | | 31200 |

ജി.ഒ,(എം.എസ്)362/13 തസ്വഭവ 16.11.13-സബ്സിഡി മാർഗ്ഗരേഖ പ്രകാരം പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് 4000 രൂപ എന്ന പരിധിക്ക് വിധേയമായി ഫർണീച്ചർ ഉപകരണങ്ങൾ വാങ്ങി നൽകാൻ അനുമതിയുണ്ട്. എന്നാൽ ബന്ധപ്പെട്ട വകുപ്പിൽ (പട്ടികജാതി വകുപ്പ്) നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഉപകരണങ്ങൾ കിട്ടിയിട്ടില്ലെന്ന് ഉറപ്പു വരുത്തണം. മേൽപ്പറഞ്ഞ സാധനങ്ങൾ പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ല എന്നതിന് സാക്ഷ്യ പത്രമൊന്നും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവു തുക 31200 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-6 സമഗ്ര വിദ്യാഭ്യാസം-എസ്.സി.പി--പഠനസാമഗ്രികൾ വിതരണം-വകുപ്പിൽ നിന്നും സാക്ഷ്യപത്രം വാങ്ങിയില്ല

പ്രോജക്ട് നം.128/16

ബിൽ നം.2/15-16//14.09..15---413100(വികസനഫണ്ട്)

ചെക്ക് നം.1474123/23.02.16---27298(തനത് ഫണ്ട്)

നിർവ്വഹണം--എച്ച്.എം,ജി.എൽ.പി.എസ്.

മേൽപ്പറഞ്ഞ പ്രോജക്ടിന്റെ ഭാഗമായി താഴെപ്പറയുന്ന പഠനസാമഗ്രികൾ/സാധനങ്ങൾ വിദ്യാർത്ഥികൾക്ക് വാങ്ങി നൽകിയിട്ടുണ്ട്.

| പഠനോപകരണം/ഫർണ്ണീച്ചർ | വാങ്ങിയ സ്ഥാപനം | തുക നൽകിയതിന്റെ വിവരം |
|---|---|---|
| ക്യാബിനറ്റ് ഡെസ്ക്(106എണ്ണം) | എ.കെ.ടിമ്പേഴ്സ്,മൂത്തേടം | 366460—068082/14.09.15 |
| ക്യാബിനറ്റ് ഡെസ്ക്(07എണ്ണം) | നിലമ്പൂർ,ഫർണീച്ചർ | 23797—775628/25.02.16 |
| കസേര(113എണ്ണം) | നിലമ്പൂർ ഫർണീച്ചർ | 3501—77562925.02.16 |
| | | 46640---068083/14.09.15 |
| ആകെ | | 440398 |

ജി.ഒ(എം.എസ്)362/13 തസ്വഭവ 16.11.13- സബ്സിഡി മാർഗ്ഗരേഖ പ്രകാരം, പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് 4000 രൂപ എന്ന പരിധിക്ക് വിധേയമായി, ഫർണീച്ചർ ഉപകരണങ്ങൾ വാങ്ങി നൽകാൻ അനുമതിയുണ്ട്. എന്നാൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഉപകരണങ്ങൾ കിട്ടിയിട്ടില്ലെന്ന് ഉറപ്പു വരുത്തണം. മേൽപ്പറഞ്ഞ സാധനങ്ങൾ പട്ടിക ജാതി വികസന വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ല എന്നതിന് സാക്ഷ്യ പത്രമൊന്നും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവു തുക 440398രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-7 പത്താം തരം തുല്യതാ പരിപാടി-ഗുണഭോക്താക്കളുടെ പട്ടിക ഹാജരാക്കിയില്ല.

പ്രൊജക്ട്.നം.37/16

ഡി.ഡി.നം.775862/15.03.16—105000 (ഗ്ര.വി-42000+തനത് ഫണ്ട്-63000)

നിർവ്വഹണം--എച്ച്.എം, ജി.എൽ.പി.എസ്.

മേൽപ്പറഞ്ഞ പ്രകാരം ഒരാൾക്ക് 1500 രൂപ പ്രകാരം 70 പേർക്ക് 1,05,000 രൂപ പരീക്ഷാഫീസ്, കോഴ്സ് ഫീസ് എന്നിവക്കായി സാക്ഷരതാമിഷന് കൈമാറിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ പട്ടിക, പരീക്ഷക്ക് ഹാജരായതിന്റെ രേഖകൾ ഇവയൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. തുക സാക്ഷരതാമിഷന് നൽകിയതിന്റെ വിവരം മാത്രമേ

ഫയലിലുള്ളൂ. സർക്കുലർ 48360/എഫ്.എം-1/2009/തസ്വഭവ.06.10.09 പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പഠിതാക്കളുടെ കോഴ്സ് ഫീ, പരീക്ഷാ ഫീ എന്നിവ പട്ടികജാതി/പട്ടിക വർഗ്ഗ വികസന വകുപ്പ് നൽകുമെന്നതിനാൽ, തദ്ദേശഭരണസ്ഥാപനം നൽകേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ 63000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-8 സമഗ്ര പച്ചക്കറി വികസനം--ജൈവവളം വാങ്ങിയതിന് കൃത്യമായ രേഖയില്ല.

പ്രൊജക്ട് നം.48/16

ബിൽ നം.4/15-16/18.01.16—195000

നിർവ്വഹണം-കൃഷി ഓഫീസർ

മേൽപ്പറഞ്ഞ പ്രൊജക്ടിനായി താഴെപ്പറയും പ്രകാരമാണ് സബ്സിഡി നൽകിയിട്ടുള്ളത്.

വിത്ത്-15000(100% സബ്സിഡി)

ജൈവവവളം-120000(50% സബ്സിഡി)

കൂലിച്ചെലവ്-60000(ആനുപാതികമായി)

രേഖകൾ പരിശോധിച്ചതിൽ, ജൈവവളം വാങ്ങി ഉപയോഗിച്ചതിന് വ്യക്തമായ രേഖകളൊന്നും ഗുണഭോക്താക്കൾ സമർപ്പിച്ചതായി കാണുന്നില്ല. ഇത്ര രൂപയുടെ ചാണകം ഇന്നയാൾക്ക് നൽകിയിട്ടുണ്ട്/കിട്ടിയിട്ടുണ്ട് എന്നൊരു സാക്ഷ്യപത്രമാണ് ഫയലിലുള്ളത്. ചാണകത്തിന്റെ അളവ്, ഏതു നിരക്കിൽ വാങ്ങി എന്ന കാര്യം വ്യക്തമല്ല. നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യം പരിശോധിച്ച് ബോധ്യപ്പെട്ടതായും കാണുന്നില്ല. ആയതിനാൽ ജൈവവളം യഥാർത്ഥത്തിൽ വാങ്ങി ഉപയോഗിച്ചിട്ടുണ്ടോ എന്ന് ഉറപ്പു വരുത്താനായിട്ടില്ല. രേഖകളുടെ അഭാവത്തിൽ ജൈവവളത്തിന് നൽകിയ സബ്സിഡി തുക 120000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-9 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി--സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചില്ല.

ജി.ഒ.(എം.എസ്)202/15/തസ്വഭവ/24.06.15-പ്രകാരം തൊഴിലുറപ്പ് പദ്ധതിയിൽ ഓരോ ഗ്രാമപഞ്ചായത്തിലും വേതനം, സാധനഘടകങ്ങൾ എന്നിവ 60:40 എന്ന അനുപാതത്തിൽ നിൽക്കത്തക്ക രീതിയിൽ സാധനഘടകം ആവശ്യമുള്ള മറ്റു പ്രവൃത്തികളുടെ കൂടെ റോഡ് പണികളും ഏറ്റെടുക്കുവാൻ ത്രിതല പഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി മുഖേന ചെയ്ത റോഡ് പ്രവൃത്തികളിൽ ഈ അനുപാതം പാലിച്ചു കാണുന്നില്ല. നാമമാത്രമായ വേതനവും ഭൂരിഭാഗവും സാധനഘടകങ്ങളുമാണ് പ്രവൃത്തികളിൽ വരുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | ചെലവ് | ശതമാനം |
|---|---|---|
| 6-ാം വാർഡ്-എണ്ണക്കരക്കള്ളി-ഉണ്ണീൻപടി റോഡ് കോൺക്രീറ്റ് | സാധനഘടകങ്ങൾ--421115<br>വേതനം--61621<br>മറ്റു ചെലവുകൾ--6728<br>ആകെ---489464 | സാധഘടകങ്ങൾ--86%<br>വേതനം--12% |
| 15-ാം വാർഡ്-മൂച്ചിപ്പരത 4 സെന്റ് കോളനി റോഡ് കോൺക്രീറ്റ് | സാധനഘടകങ്ങൾ--420723<br>വേതനം--62068<br>മറ്റു ചെലവുകൾ--7983<br>ആകെ---490774 | സാധഘടകങ്ങൾ--86%<br>വേതനം--13% |
| 3-ാം വാർഡ്-പെരുപ്പാറ-മദ്രസ്സപ്പടി കോളനി റോഡ് കോൺക്രീറ്റ് | സാധനഘടകങ്ങൾ--421115 | സാധഘടകങ്ങൾ--86% |

| | | |
|---|---|---|
| | വേതനം--63701<br>മറ്റു ചെലവുകൾ--6728<br>ആകെ---491544 | വേതനം--13% |
| 8-ാം വാർഡ്-നാരങ്ങാപ്പൊട്ടി-മൂസാക്കപ്പടി റോഡ് കോൺക്രീറ്റ് | സാധനഘടകങ്ങൾ--421115<br>വേതനം--64214<br>മറ്റു ചെലവുകൾ--6728<br>ആകെ---492057 | സാധഘടകങ്ങൾ--86%<br>വേതനം--13% |
| 4-ാം വാർഡ്-ചീനിക്കടവ്-ബാലംകുളം റോഡ് കോൺക്രീറ്റ് | സാധനഘടകങ്ങൾ--421115<br>വേതനം--62079<br>മറ്റു ചെലവുകൾ--6728<br>ആകെ---489922 | സാധഘടകങ്ങൾ--86%<br>വേതനം--13% |

ഇത്തരത്തിൽ 18 പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശം കർശനമായി പാലിച്ച് പദ്ധതി നടപ്പിലാക്കേണ്ടതും, ഗുണഭോക്താക്കൾക്ക് പരമാവധി തൊഴിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 3-10 ആശ്രയ പദ്ധതി

പഞ്ചായത്തിൽ 2006-07-ൽ ആശ്രയ പദ്ധതി തുടങ്ങി ഒന്നാം ഘട്ടത്തിൽ 98 ഗുണഭോക്താക്കളെയാണ് പദ്ധതിക്കായി തെരഞ്ഞെടുത്തത്. പദ്ധതിക്കായി 4405374 രൂപ ലഭിച്ചിരുന്നു. 2010-11-ൽ പുനപ്പരിശോധനക്കു ശേഷമുള്ള പ്രൊജക്ടും നടപ്പിലാക്കുകയുണ്ടായി. എന്നാൽ പ്രൊജക്ടിൽ വിഭാവനം ചെയ്ത പോലെ മുഴുവൻ കാര്യങ്ങൾക്കും തുക ചെലവഴിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ അടിസ്ഥാന ആവശ്യങ്ങൾ മുഴുവൻ പൂർത്തീകരിച്ചതായും കാണുന്നില്ല. ലഭ്യമായ തുകയിൽ 441415 (പഞ്ചായത്ത് ഫണ്ട്-298048, ചലഞ്ച് ഫണ്ട്-143367) രൂപ അവശേഷിക്കുന്നുണ്ട്. പ്രൊജക്ടിന്റെ ചെലവു വിവരം താഴെ ചേർക്കുന്നു.

| ഇനം | ഒന്നാം ഘട്ടം | രണ്ടാം ഘട്ടം | ഗുണം ലഭിച്ചവരുടെ എണ്ണം(ഒന്നാം ഘട്ടം) | ഗുണം ലഭിച്ചവരുടെ എണ്ണം(രണ്ടാം ഘട്ടം) |
|---|---|---|---|---|
| പ്രൊജക്ട് പ്രകാരം വീട് ആവശ്യമുള്ളവർ | 97 | 10 | 80 | 7 |
| സ്ഥലം ആവശ്യമുള്ളവർ | 49 | ഇല്ല | 40 | - |
| കക്കൂസ് ആവശ്യമുള്ളവർ | ഇല്ല | 6 | ഇല്ല | 4 |
| വീട് റിപ്പയർ | ഇല്ല | 6 | - | ഇല്ല |
| കുടിവെള്ളം ആവശ്യമുള്ളവർ | - | - | - | - |

1414700 രൂപ അടങ്കലിൽ രണ്ടാം ഘട്ടം നടന്നു വരുന്നു. ആദ്യഘട്ടത്തിലെ ചലഞ്ച് ഫണ്ടിൽ നിന്നും 46525 രൂപ രണ്ടാം ഘട്ട പ്രൊജക്ടിനായി എടുത്തിട്ടുണ്ട്. ബാക്കി തുക ബാങ്ക് അക്കൗണ്ടിൽ നിഷ്ക്രിയമായി തുടരുന്നു. ടി തുക സർക്കാർ അനുമതിയോടു കൂടി രണ്ടാം ഘട്ടത്തിനായി പ്രയോജനപ്പെടുത്തുകയോ, തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## 3-11 ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കിയ പദ്ധതികൾ-അപാകതകൾ

മൂത്തേടം ഗ്രാമപഞ്ചായത്തിൽ 2015-16വർഷത്തിൽ ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കിയ പ്രവൃത്തികളുടെ നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിച്ചിട്ടില്ല. പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഗുണഭോക്തൃസമിതി ചെയർമാൻ, കൺവീനർ എന്നിവരുടെ പേരിൽ സംയുക്ത ബാങ്ക് അക്കൗണ്ട് തുറക്കുകയും എല്ലാ പണമിടപാടുകളും അക്കൗണ്ട് വഴി നടത്തുകയും വേണം എന്നമാണ് നിബന്ധന. എന്നാൽ അക്കൗണ്ട് ആരംഭിച്ചതിന്റെ വിവരങ്ങളോ, പാസ്സ് ബുക്കോ പരിശോധനക്ക് ലഭ്യമാക്കിയില്ല.

2.പ്രവൃത്തിയുടെ ഫയലിൽ സൂക്ഷിച്ചിട്ടുള്ള മസ്റ്റർ റോളുകളിൽ പൂർണ്ണവിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

3.നിർമ്മാണ സാധനങ്ങൾ വാങ്ങുന്നതിന് താരതമ്യ പഠനം നടത്തുകയോ ക്വട്ടേഷൻ നടപടികൾ സ്വീകരിയ്ക്കുകയോ ചെയ്തിട്ടില്ല.

4..നിശ്ചിത മാതൃകയിലുള്ള വരവുചെലവു കണക്കു പുസ്തകം എഴുതി സൂക്ഷിച്ചിട്ടില്ല.

5..പണി തൃപ്തികരമായി പൂർത്തിയാക്കുന്നതുവരെ ഗുണഭോക്തൃസമിതി ആഴ്ചയിലൊരിയ്ക്കൽ യോഗം ചേരുകയും വൗച്ചറുകൾ പാസ്സാക്കുകയും പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയും ഭാവി നടപടികൾ ചർച്ച ചെയ്ത് തീരുമാനിയ്ക്കുകയും പ്രസ്തുത വിവരങ്ങൾ മിനട്സ് ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ ഈ നിബന്ധനയും പാലിച്ചിട്ടില്ല.

6.കൺവീനറുടെ ദൈനംദിന ഡയറി എഴുതി സൂക്ഷിച്ചിട്ടില്ല. പ്രവൃത്തിയുടെ നിർവ്വഹണച്ചുമതലയുള്ള എഞ്ചിനിയർ, പണി പരിശോധിയ്ക്കുന്ന വിദഗ്ധസമിതി അംഗങ്ങൾ, മോണിറ്ററിംഗ് സമിതി അംഗങ്ങൾ എന്നിവരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ദൈനംദിന ഡയറിയിൽ എഴുതി സൂക്ഷിയ്ക്കേണ്ടതാണ്. ദൈനംദിന ഡയറി എഴുതി സൂക്ഷിയ്ക്കാത്തതിനാൽ ഇപ്രകാരമുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്തിയിട്ടില്ല.

7..പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ നൽകുന്നതിനു മുമ്പായി മോണിറ്ററിംഗ് കമ്മിറ്റിയുടെ പരിശോധന റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ് എന്ന നിബന്ധന പൂർണ്ണമായി പാലിച്ചിട്ടില്ല.

8.പ്രവൃത്തി പൂർത്തിയായി ഫൈനൽ ബിൽ ലഭിച്ച ശേഷം ഗുണഭോക്താക്കളുടെ പൊതുയോഗം വിളിച്ചു ചേർത്ത് വരവുചെലവുകണക്കുകൾ കൺവീനർ അവതരിപ്പിയ്ക്കുകയും അതിനു ശേഷം പ്രവൃത്തി നിർവ്വഹണകമ്മിറ്റി പിരിച്ചു വിടുകയും സംയുക്ത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതുമാണ്.

അക്കൗണ്ടിൽ ബാക്കിയുള്ള സംഖ്യ പിൻവലിച്ച് ഗ്രാമപഞ്ചായത്തിൽ അടവാക്കേണ്ടതാണ്. എന്നാൽ പാസ്ബുക്ക് ഹാജരാക്കാത്തതിനാൽ ഇക്കാര്യം ഉറപ്പു വരുത്തുന്നതിന് സാധിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-12 റോഡ് കോൺക്രീറ്റ് പ്രവൃത്തി-ക്രമപ്രകാരമല്ലാതെ തുക ചെലവഴിച്ചു

2015-16 വർഷങ്ങളിൽ ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കോൺക്രീറ്റ് റോഡുകൾ നിർമ്മിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1-ടാർ ചെയ്യുന്ന റോഡിൽ IRC സ്പെസിഫിക്കേഷൻ പ്രകാരം ക്വാറിമക്ക് (GSB) നിരത്തിയതിനു മുകളിൽ

സോളിംഗ് 7.5 സെ.മീ, മെറ്റലിംഗ് 7.5സെ.മീ, അതിനുമുകളിൽ ടാറിംഗ് 2.5 സെ.മീറും ചേർത്ത്

ആകെ 17.5 സെ.മീ കനമാണ് റോഡിനുള്ളത്. ഭാരമേറിയ വാഹനങ്ങൾ കടന്നുപോകുന്നതിന് വേണ്ടത്ര

ഉറപ്പ് ഈ റോഡുകൾക്കുണ്ടെന്നിരിക്കേ, ഇതിലേറെ ഉറപ്പുള്ള കോൺക്രീറ്റ് റോഡ് 1:4:8

അനുപാതത്തിൽ 40 mm മെറ്റൽ ഉപയോഗിച്ച് 10 cm മുതൽ 15 cm വരെ കനത്തിലും, 1:2:4 അനുപാതത്തിൽ 20mmമെറ്റൽ ഉപയോഗിച്ച് 10cm കനത്തിലും ചെയ്തതായി കാണുന്നു.1:4:8 അനുപാതത്തിൽ 40mm മെറ്റൽ ഉപയോഗിച്ച് 10cm കനത്തിൽ ചെയ്തതിനു ശേഷം 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ച് 5cm മുതൽ 7.5cm വരെ

കനത്തിൽ ചെയ്താൽ തന്നെ ആവശ്യത്തിന് ഉറപ്പും കട്ടിയും ലഭിക്കുന്നതാണ്. തികച്ചും ഗ്രാമീണറോഡുകൾ/ നടപ്പാതകൾ ആയതിനാൽ ഭാരമേറിയ വാഹനങ്ങൾ കടന്നു പോകാൻ സാധ്യത കുറവായതിനാൽ, മേൽപ്പറഞ്ഞ പ്രകാരം അധികം കനത്തിൽ കോൺക്രീറ്റ് ചെയ്തത് പഞ്ചായത്ത് ഫണ്ടിന് അധികച്ചെലവുണ്ടാക്കിയിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ, തസ്വഭവ. ചീഫ് എഞ്ചിനീയർ, കോഴിക്കോട് കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്കയച്ച നം.ഡിബി4/9099/2015/സി.ഇ/തസ്വഭവ തീ.28.09.2015 കത്ത് പ്രകാരം നടപ്പാതകൾക്ക് 1:4.8 10സെ.മീ.കനത്തിലും.1:2:4 5സെ.മീ.കനത്തിലും ചെയ്യാവുന്നതാണെന്നും, വാഹന ഗതാഗതം കൂടുതലുള്ള നടപ്പാതകൾക്ക് സബ് ഗ്രേഡിന്റെ ഉറപ്പു കൂടി പരിഗണിച്ച് 1:4:8 10 മുതൽ 15 സെ.മീ.വരെ കനത്തിലും, 1:2.4 5സെ.മീ.മുതൽ 7.5 സെ.മീ.വരെ കനത്തിലും ചെയ്യാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതിൽ നിന്നും വിരുദ്ധമായി ചെയ്ത ചില പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| പ്രവൃത്തി | 1:4:8 ccഅളവ്,തുക | 1:2:4ccഅളവ്,തുക |
|---|---|---|
| മൂപ്പിനിബൈപ്പാസ് കോൺക്രീറ്റ് | 45.01m3 ,15cm@4530/m3<br>69490.20 | 30010dm3,10cm<br>@63/10dm3<br>190563.50 |
| നെല്ലിക്കത്ത് പുഴക്കടവ്<br>റോഡ് കോൺക്രീറ്റിംഗ് | 24.59m3,15cm@<br>4530/m3<br>111392.70 | 16390dm3,10cm<br>@63.50/10dm3<br>104076.50 |
| നടുവൻകോളനി താഴെപാലാങ്കര പാത്ത് വേ | 63.45m3,15cm<br>@4530/m3<br>287428.50 | 42300dm3,10cm<br>@63.50/10dm3<br>268605.06 |
| ചെമ്മന്തിട്ടസബ്സെന്റർ പാത്ത്<br>വേ കോൺക്രീറ്റ് | 9.66m3 15cm<br>@4530/m3 43759.80 | 6410dm3,<br>63.50/10dm3<br>40703.50 |
| കാരപ്പുറംപി.എച്ച്.സി എറയംതാങ്ങിറോഡ് കോൺക്രീറ്റിംഗ് | 19.48m3,15cm@4530/m3,4530/m3 | 12990dm3,10cm@63.50<br>82486.50 |
| പുതുവായ്എസ്സ്.റ്റി കോളനിപ്പടി നടപ്പാത കോൺക്രീറ്റിംഗ് | 43.22m3,15cm@4530/m3,195786 | 28810dm3,10cm@63.50<br>182943.50 |
| താളിപ്പാടം വായനശാല കോട്ടമല റോഡ് | 19.70m3,15cm@4530/m3,89241 | 13140dm3.10cm<br>@63.50<br>83439 |

ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 ഫണ്ട് വിനിയോഗം ക്രമപ്രകാരമല്ല.

പദ്ധതി - 166/16 പ്രതിരോധ കുത്തിവെപ്പ്

ചെലവ് - 39300 (തനതുഫണ്ട് ചെ.നം 254075/29-3-16)

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി തനതുഫണ്ടിൽനിന്നും 39300 രൂപ ചെലവാക്കി നടപ്പിലാക്കിയ പദ്ധതിയിൽ മുഴുവൻ തുകയും വാഹന വാടക ഇനത്തിലാണ് ഉപയോഗിച്ചിട്ടുള്ളത്. മിക്ക ദിവസങ്ങളിലും 1200/- രൂപയാണ് വാഹനവാടകയായി നൽകിയിട്ടുള്ളത്. അതാത് ദിവസങ്ങളിൽ വാഹന വാടക മെഡിക്കൽ ഓഫീസറിൽ നിന്നും പണമായി കൈപ്പറ്റിയതിന്റെ കൈപ്പറ്റുരശീതികൾ (ആകെ 39300 രൂപ) ഫയലിൽ

ഉണ്ട്. 1000/- രൂപയിൽ അധികമുള്ള ചെലവ് തുക ഡി.ഡിയായി നൽകണമെന്ന് ജി.ഒ (പി) 177/2006/ധന തിയ്യതി. 12.04.2006, ജി.ഒ(പി) 119/2015/ധന തിയ്യതി. 21.03.2015 പ്രകാരം നിർദ്ദേശിക്കുന്നുണ്ട്. ആയതിനാൽ വാഹനവാടക പണമായി നൽകിയതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. കൂടാതെ മുഹമ്മദാലി.എം ന് 12300 രൂപ നൽകിയതിന്റെ ഡി.ഡി.നം.934050/30-3-16 പകർപ്പും ഉണ്ട്. എന്നാൽ ഇതിനുള്ള ഫണ്ട് ലഭ്യമായതിന്റെ രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. ഈ ചെലവിന് ഉപയോഗിച്ച ഫണ്ടിന്റെ ലഭ്യതയും വ്യക്തമാക്കേണ്ടതാണ്.

## 3-14 മരുന്നുകൾ ലഭ്യമാക്കിയില്ല

പ്രൊജക്റ്റ് - 45/16 പി.എച്ച്.സി യിലേക്ക് മരുന്നുകൾ

നിർവ്വഹണം - മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)

പി.എച്ച്.സി യിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി തുക പിൻവലിച്ച് (ബി.നം-2/2015-16 തി.14-12-15 -103380/-, 8/15-16 തി.27/2/16-300000/-, 13/15-16 തി.14-3-16 – 246620/-) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റി മാസങ്ങൾ കഴിഞ്ഞിട്ടും ആവശ്യപ്പെട്ട മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പി.എച്ച്.സി യിലെത്തുന്ന രോഗികൾക്ക് ആവശ്യമായ സേവനം ലഭിക്കുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| നൽകിയ തുക | ലഭിച്ച മരുന്നുകൾ | ബാക്കി |
|---|---|---|
| 103380 രൂപ<br>ഡി.ഡി.നം.774741/14-12-15<br>prf-1376/8-12-15 | 95453 രൂപ<br>(ഇൻ നം.3966/27-1-16 -87565/-<br>ഇൻ നം.1192/31-5-16 -7888/-) | 7927/- |
| 300000 രൂപ<br>ഡി.ഡി.നം.775710/1-3-16<br>prf-2547/11-2-16 | 231740 രൂപ<br>(ഇൻ നം.175/19-4-16 -26183/-<br>" 1196/31-5-16 -113087/-<br>" 1339/8-6-16 -53958/-<br>" 1812/2-7-16 -38512/- ) | 68260/- |
| 246620 രൂപ<br>ഡി.ഡി.നം.775860/15-3-16<br>prf-3362/4-3-16 | 204700 രൂപ<br>(ഇൻ നം.2127/23-716 -73155/-<br>" 2491/10-8-16 -131545) | 41920/- |
| ആകെ | 531893 | 118107 |

മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവ് തുക 118107/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

No. KSAMPM.5/3005/2016

Kerala State Audit Department.

District Audit Office, Malappuram

PIN - 676 505, Phone: 0483 2734951

e - mail. dompm.ksad@kerala.gov.in

Dated.

CERTIFICATE

Certified that I have examined the Annual Financial Statement of Moothedam Grama Panchayat for the year ended on 31.03.2016 in Malappuram District in accordance with Section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of Moothedam Grama Panchayat for the year 2015-16 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT

MALAPPURAM.

To

1. The Director, Kerala State Audit Department, Thiruvananthapuram.
2. The Secretary, Moothedam Grama Panchayat
3. The Deputy Director of Panchayat, Malappuram
4. Office Copy.
5. Spare.

നം.കെ.എസ്.എ.എം.പി.എം.5/3005/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ - 676 505, ഫോൺ : 0483 2734951

ഇ- മെയിൽ: dompm.ksad@kerala.gov.in

തിയ്യതി :

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 31.03.2016 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

മലപ്പുറം.

പകർപ്പ്

1. സെക്രട്ടറി, മൂത്തേടം ഗ്രാമപഞ്ചായത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

4. കാര്യാലയ പ്രതി.